ISSN 2319-3263

കേരള
സാഹിത്യ
അക്കാദമി

# സാഹിത്യലോകം

വാല്യം 51 | ലക്കം 6 ● 2022 നവംബർ-ഡിസംബർ



## ദുരവസ്ഥ
## ചണ്ഡാലഭിക്ഷുകി

നവചിന്തയുടെ നൂറാണ്ടുകൾ

# സാഹിത്യലോകം

ദ്വൈമാസിക

പുസ്തകം 51 ലക്കം 6

2022 നവംബർ-ഡിസംബർ

ISSN 2319-3263

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ



പത്രാധിപസമിതി

*പ്രസിഡന്റ്* | **സച്ചിദാനന്ദൻ**

*സെക്രട്ടറി & എഡിറ്റർ* | **പ്രൊഫ. സി.പി. അബൂബക്കർ**

*കൺവീനർ* | **കെ.ഇ.എൻ. കുഞ്ഞഹമ്മദ്**

*സബ് എഡിറ്റർ* | **എൻ.ജി. നയനതാര**

*അംഗങ്ങൾ*
**എൻ. രാജൻ**
**ശ്രീലതാവർമ്മ**
**ബെന്യാമിൻ**
**രാവുണ്ണി**
**ഡോ. ഇ.വി. രാമകൃഷ്ണൻ**

*കവർ ഡിസൈൻ & ലേ-ഔട്ട്* | **രാജേഷ് ചാലോട്**
*കവർ, ചിത്രീകരണം* | **ഗോപീദാസ്**
*പ്രൂഫ്* | **ടി.എസ്. സന്തോഷ്**

*അച്ചടിനിർവ്വഹണം*
കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.



*വിലാസം*
**കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020**
E-mail: **office@keralasahityaakademi.org**
**editorial@keralasahityaakademi.org**
Website: **keralasahityaakademi.org**



Printed and published by C.P. Aboobacker on behalf of Kerala Sahitya Akademi, Thrissur and printed of Carmel Offset, Thrissur and Published at Kerala Sahitya Akademi, P.B. No. 501, Thrissur District, Kerala state. Editor : C.P. Aboobacker.



സാഹിത്യലോകം
സാഹിത്യലോകം
സാഹിത്യലോകം

# ഉള്ളടക്കം


07 ആശാനും അശോകരും
**ഡോ. അജയ് എസ്. ശേഖർ**

23 കാവ്യസങ്കേതങ്ങളും സൗന്ദര്യബോധവും:
*ചണ്ഡാലഭിക്ഷുകി*യിലെ
കാവ്യസന്ദർഭത്തിന്റെ വിശകലനം
**ആര്യ പി.കെ.**

39 *ചണ്ഡാലഭിക്ഷുകി*: അനാചാരങ്ങൾക്കെതിരേ
ഉയർന്ന ശബ്ദം
**ഡോ. ജൂലിയ ഡേവിഡ്**

47 രാജ്യത്തെയോർത്തും മതത്തെയോർത്തും...
**ഡോ. ഉഷാ ബാലകൃഷ്ണൻ**

59 *ദുരവസ്ഥ*യുടെ ചരിത്രവും
ചരിത്രത്തിലെ ദുരവസ്ഥയും
**ഡോ. അശോക് ഡിക്രൂസ്**


68 *ദുരവസ്ഥ*യിലെ ചിഹ്നവലയും ദലിത്ബിംബങ്ങളും
**ഡോ. രാകേഷ് ചെറുകോട്**

87 സ്വയം നവീകരിക്കപ്പെടുന്ന *ദുരവസ്ഥ* വായനകൾ
**യു. നന്ദകുമാർ**

93 മലബാർ കലാപത്തിലെ ദുരവസ്ഥയും
*ദുരവസ്ഥ*യിലെ മലബാർ കലാപവും
**അബ്ദുൽ ബാരി സി.**

103 കോളനീകരണത്തിന്റെ പടിഞ്ഞാറൻ സ്വരങ്ങൾ
*ദുരവസ്ഥ*യിൽ
**ഡോ. സിജി എം.വി.**

108 സ്വത്വം: നിർവ്വചനവും പരികല്പനയും
**ഡോ. സ്മിതാ ഡാനിയേൽ എസ്.എൽ.**



ഡോ. അശോക് ഡിക്രൂസ്

# ദുരവസ്ഥയുടെ ചരിത്രവും ചരിത്രത്തിലെ ദുരവസ്ഥയും

പ്രസിദ്ധീകൃതമായ കാലം മുതൽ വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും ചർച്ചകൾക്കും പഠനങ്ങൾക്കും വിലയിരുത്തലുകൾക്കും നിരന്തരം വിധേയമായിക്കൊണ്ടിരിക്കുന്ന കൃതിയാണ് കുമാരനാശാൻ രചിച്ച *ദുരവസ്ഥ*. 100 വർഷത്തിനിപ്പുറവും ദുരവസ്ഥയെക്കുറിച്ച് പുതിയ പഠനങ്ങളും വിലയിരുത്തലുകളും വന്നുകൊണ്ടിരിക്കുന്നു എന്നതാണ് ഈ കൃതിയുടെ മൂല്യത്തിന്റെ സൂചകം. എന്നാൽ, രചനാലക്ഷ്യം എന്താണെന്ന് രചയിതാവുതന്നെ വ്യക്തമാക്കിയിട്ടും അതിനെ ബോധപൂർവ്വം റദ്ദുചെയ്തുകൊണ്ട് മറ്റൊരു പാഠം നിരന്തരം നിർമ്മിക്കപ്പെടുന്നു എന്നതാണ് *ദുരവസ്ഥ* എക്കാലത്തും നേരിടുന്ന ഏറ്റവും വലിയ ദുരവസ്ഥ.

മലബാറിലെ പ്രക്ഷോഭങ്ങൾ ഏറ്റവും കൂടുതൽ സമരോത്സുകമായ 1921-ന്റെ പശ്ചാത്തലത്തിലാണ് *ദുരവസ്ഥ* രചിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, ബീഭത്സമായ ദൃശ്യബിംബങ്ങളായിരിക്കും അനുവാചകമനസ്സിൽ ആദ്യം തങ്ങിനിൽക്കുന്നത്. അതേസമയം, ആശാൻ കൃതികൾ മുന്നോട്ടുവയ്ക്കുന്ന ജ്ഞാനാവബോധത്തെയും സ്വാതന്ത്ര്യചിന്തകളെയും അഭിസംബോധനചെയ്യുന്ന കാര്യത്തിൽ പ്രധാനപ്പെട്ട വ്യവഹാരങ്ങൾ വിജയിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്.



1922-ൽ സാമൂഹിക വിഷയങ്ങളിൽ കുമാരനാശാൻ സജീവമാകുന്നതോടെയാണ് *ദുരവസ്ഥ* പ്രസിദ്ധം ചെയ്യപ്പെടുന്നത്. 1097 ഇടവം 12 (1922 മെയ് 25)-ന് എഴുതിത്തുടങ്ങുകയും 1098 ചിങ്ങം 14 (1922 ആഗസ്റ്റ് 30)-ന് പൂർത്തിയാക്കുകയും ചെയ്തതായി കുമാരനാശാൻ ദുരവസ്ഥയുടെ മുഖവുരയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാത്രമല്ല, കുമാരനാശാൻ ദുരവസ്ഥ എഴുതിയ നോട്ടുബുക്ക് പരിശോധിച്ചാൽ അതേ നോട്ടുബുക്കിൽത്തന്നെ രണ്ടാമതായി *ചണ്ഡാലഭിക്ഷുകി*യും എഴുതിയിരിക്കുന്നതായും കാണാം. രണ്ടും സഹോദരകാവ്യങ്ങളാണെന്നാണ് ആശാൻതന്നെ *ചണ്ഡാലഭിക്ഷുകി*യുടെ മുഖവുരയിൽ പറഞ്ഞിട്ടുള്ളത്.

ആശാൻകവിതകളെ സാമാന്യവിശകലനത്തിനു വിധേയമാക്കുമ്പോൾ, അദ്ദേഹത്തിന്റെ ഹൃദയത്തെ പിടിച്ചുകുലുക്കിയ മുഖ്യവിഷയം ജാതിവ്യവസ്ഥയും ജാതികൃതങ്ങളായ ഉച്ചനീചഭേദങ്ങളും തന്നെയായിരുന്നു എന്നു കാണാം. അനാചാരങ്ങൾക്കും അസ്വാതന്ത്ര്യത്തിനും എതിരായി ആശാൻകൃതികളിലൂടെ പ്രക്ഷേപണം ചെയ്യപ്പെട്ട ശബ്ദങ്ങൾ ആർക്കും അവഗണിക്കാൻ കഴിയില്ല.

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം"

(*ഒരു ഉദ്ബോധനം*)

എന്ന വിശ്വാസപ്രമാണക്കാരനായിരുന്നു ആശാൻ. ആ സ്വാതന്ത്ര്യബോധത്തെ സഹജാതരിലേക്ക് സംക്രമിപ്പിക്കാനും ആശാൻ ധീരമായി പരിശ്രമിച്ചു.

"ഒന്നു നോക്കുമ്പോൾ ഇതിന്റെ (*ചണ്ഡാലഭിക്ഷുകി*) ജ്യേഷ്ഠസഹോദരിയായ ദുരവസ്ഥയും ഇതും ഒരു ഞെട്ടിൽ പൂത്ത രണ്ടു പുഷ്പങ്ങളെന്നു പറയാം. രണ്ടിന്റെയും ഉദ്ദേശ്യം ജാതിമാത്സര്യം നിമിത്തം ഹിന്ദുസമുദായത്തിനു സംഭവിച്ചിട്ടുള്ള ശൈഥില്യത്തിന്റെ നിവാരണമാണ്. ഒന്നിൽ ഒരു ബ്രാഹ്മണയുവതി കാലവൈപരീത്യത്തിന് അടിമപ്പെട്ട് ഒരു ചണ്ഡാലയുവാവിന്റെ സഹധർമ്മിണീപദം സ്വയം വരിക്കുന്നു; മറ്റൊന്നിൽ ഒരു ചണ്ഡാലയുവതി ബുദ്ധസംഘത്തിലെ ഒരംഗമെന്ന നിലയിൽ ബ്രാഹ്മണയുവതിമാരുടെ ഭഗിനീപദത്തെ അധിരോഹണം ചെയ്യുന്നു. സർവ്വസമുദായസാഹോദര്യത്തെ ലക്ഷീകരിച്ചാണ് രണ്ടു ഖണ്ഡകാവ്യങ്ങളുടെയും പ്രവൃത്തി. ആശാനവർകളുമായി അടുത്തു പരിചയിച്ചിട്ടുള്ളവർക്ക് അദ്ദേഹത്തിന്റെ ആന്തരോദ്ദേശ്യത്തിന്റെ അത്യന്തശുദ്ധിയെപ്പറ്റി യാതൊരു അവിശ്വാസവും ജനിക്കുന്നതല്ല" എന്നിങ്ങനെയാണ് ചണ്ഡാലഭിക്ഷുകിയുടെ അവതാരികയിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ അഭിപ്രായപ്പെടുന്നത്.

കലുഷിതമായ ഒരു കാലത്തിരുന്നുകൊണ്ടാണ് കുമാരനാശാൻ കാലാതിവർത്തിയായി മാറിയ ദുരവസ്ഥയെന്ന കവിത എഴുതുന്നത്. "ലഹളയുടെ വായിൽനിന്ന് അതിന്റെ നാവിന്റെ പരുപരുപ്പും വീരപ്പല്ലിന്റെ മൂർച്ചയും നല്ലവണ്ണം അറിഞ്ഞ് ഇപ്പോൾ വിശകലിതമായി വെളിയിൽ വമിക്കപ്പെട്ടിരിക്കുന്ന ഹിന്ദുസമുദായം, പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിധ്യം വഹിക്കുന്ന ഒന്നാണെന്നുള്ളതു ശരിതന്നെ. എന്നാൽ, നവീനാദർശം അനുസരിച്ചു നോക്കിയാൽ ഈ സമുദായം ഇന്നും ശൈശവാവസ്ഥയിൽ ഇരിക്കുകയാണ് എന്നുള്ളതും സമ്മതിച്ചേതീരൂ. ശൈശവത്തിൽ പഠിക്കുന്ന പാഠങ്ങൾ വേഗം മറന്നുപോകും എന്നുള്ള ഒരു ദോഷമുണ്ട്. എന്നാൽ ഉരുക്കഴിച്ചു പഠിച്ചാൽ ആജീവനാന്തം

ഓർമ്മനിൽക്കും എന്നുള്ള ഒരു ഗുണവുമുണ്ട്. ഈ മഹാവിപത്തിന്റെയും ഇതു പഠിപ്പിച്ച പാഠങ്ങളിൽ ചിലതിന്റെയും ഓർമ്മയെ സമുദായത്തിന്റെ പുനസ്സംഘടനയ്ക്കു പ്രേരകമാകത്തക്കവണ്ണം നിലനിർത്തണമെന്നുള്ളതാണ് *ദുരവസ്ഥ* എന്ന പേരിൽ അടിയിൽ കാണുന്ന പാട്ടിന്റെ വിനിതമായ ഉദ്ദേശ്യം" എന്നിങ്ങനെ ദുരവസ്ഥയുടെ പിറവിയെക്കുറിച്ച് അതിന്റെ മുഖവുരയിൽ ആശാൻ പ്രസ്താവിക്കുന്നുണ്ട്.

തനിക്ക് പകർന്നുകിട്ടിയ വാർത്തകളുടെ അടിസ്ഥാനത്തിലാണ് ദുരവസ്ഥയുടെ രചനയ്ക്ക് മുതിരുന്നതെന്ന് മുഖവുരയിൽ  സൂചിപ്പിക്കുന്ന ആശാൻ, അതിന്റെ പരിമിതികൾ തന്റെ കൃതിക്ക് ഉണ്ടെന്നും പരസ്യമായി സമ്മതിക്കുന്നു. അതേസമയം, കൺമുന്നിലൂടെ പ്രക്ഷോഭകാരികൾ ഓടിമറയുന്നത് കണ്ടിരിക്കാനിടയുള്ള പൊന്നാനി താലൂക്കിലെ മംഗലം പഞ്ചായത്തിൽ അക്കാലത്ത് ജീവിച്ചിരുന്ന വള്ളത്തോൾ നാരായണമേനോൻ ഈ വിഷയം മുൻനിർത്തി രചനകളൊന്നും നടത്തിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. മലബാർ സമരകാലത്ത് (1921-ൽ) പ്രസിദ്ധീകൃതമായ വള്ളത്തോൾ കൃതി മഗ്ദലനമറിയം ആയിരുന്നു എന്നതും കൗതുകകരമായ വസ്തുതയാണ്.

"വർത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വർണ്ണിപ്പാൻ ആശിച്ചുകൊണ്ടും രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യം വരുത്താൻ പ്രയാസമാണെന്നും പറയേണ്ടതില്ലല്ലോ. ഭൂതകാലവും പരോക്ഷതയും ആണ് കവിതാചിത്രനിർമ്മാണത്തിനു പറ്റിയതായി പണ്ടുപണ്ടേ അറിയപ്പെടുന്നതും സ്പൃഹണീയവുമായ ഭിത്തികൾ. രേഖയുടെയോ വർണ്ണത്തിന്റെയോ പല ന്യൂനതകളും അവ മറച്ചുകളയും; ഗുണങ്ങളെ ഉജ്ജ്വലമാക്കുകയും ചെയ്യും." (മുഖവുര: *ദുരവസ്ഥ*)

എന്നറിയാവുന്ന ആശാനാണ് ആ സൗകര്യങ്ങളെയൊക്കെ വെടിഞ്ഞ് കടുത്ത അഭിപ്രായവ്യത്യാസമുള്ള സമുദായ പരിഷ്കരണവിഷയം തിരഞ്ഞെടുക്കുന്നത്.

ദുരവസ്ഥയുടെ സാമൂഹ്യപാഠവും അതിന്റെ രാഷ്ട്രീയപരിസരങ്ങളും വിശകലനവിധേയമാക്കാതെ, കാവ്യനിർമ്മിതിയുമായി ബന്ധപ്പെട്ട് ദുരവസ്ഥ മുന്നോട്ടുവയ്ക്കുന്ന സ്വാതന്ത്ര്യചിന്തകൾ, അർത്ഥഗർഭമായ മൗനങ്ങൾ, നിശ്ശബ്ദമായ അടിച്ചമർത്തലുകൾ, അദൃശ്യനിലപാടുകൾ തുടങ്ങിയ സൂക്ഷ്മവിഷയങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. കൊളോണിയൽ സമൂഹഘടന, ഹിന്ദു നവോത്ഥാനം, ഹിന്ദു പുനരുദ്ധാരണം, കേരളീയ ആധുനികത എന്നീ സംവർഗ്ഗങ്ങൾ ദുരവസ്ഥ എങ്ങനെയാണ് പ്രതിഫലിപ്പിക്കുന്നത് എന്നതും നിർണ്ണായകമാണ്.

ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതിലുപരി ഇന്ത്യക്കാരനിൽ അടിയുറച്ചുപോയ ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങളിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനായിരുന്നു ആശാൻ എക്കാലത്തെയും രചനകളിലൂടെ ശ്രമിച്ചുകൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ, ഇന്ത്യയിൽ അക്കാലത്ത് സജീവമായിരുന്ന ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച ആശയങ്ങൾക്കൊപ്പം സഞ്ചരിക്കാനും ആശാൻ മറന്നില്ല.

**മലബാർ സമരം എന്ന മലബാർ കലാപം**

ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്ന് കെട്ടുകെട്ടിക്കുക എന്നതുമാത്രമായിരുന്നില്ല, അടിമസമാനമായ ജന്മിത്തം അവസാനിപ്പിക്കുക, ജാതി-മത-വർഗ്ഗ-വർണ്ണ

പരിഗണനകൾക്കതീതമായി സമത്വസുന്ദരമായ രാഷ്ട്രം കെട്ടിപ്പടുക്കുക, എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പാക്കുക എന്നിവയായിരുന്നു ദേശീയപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾക്കുവേണ്ടി നടത്തിയ സമരങ്ങൾ സ്വാതന്ത്ര്യസമരം തന്നെയാണ്. ഒരു നൂറ്റാണ്ടുമുമ്പ് മലബാറിൽ നടന്ന മഹാസമരത്തെ ഈ പശ്ചാത്തലത്തിൽ നിന്നാണ് പുനർവായനയ്ക്ക് വിധേയമാക്കേണ്ടത്.

മലബാറിൽ നടന്ന കലാപത്തെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയ വിഖ്യാത ചരിത്രകാരനായ ഡോ. കെ.എൻ. പണിക്കർ നിരീക്ഷിക്കുന്നത്, പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവും നടന്ന കലാപങ്ങളുടെ മൂലകാരണം ഭൂമിസംബന്ധമായ തർക്കങ്ങളായിരുന്നെന്നും മതം അതിൽ പ്രത്യയശാസ്ത്രപരമായ പങ്കുവഹിച്ചു എന്നുമാണ്. "കലാപരീതി ഉടമവർഗ്ഗത്തോടും അവരുടെ സംരക്ഷകരായി വർത്തിച്ച കോളനി ഭരണകൂടത്തോടുമുള്ള വിരോധം അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം പ്രകടമാക്കി. അതേസമയം, കലാപകാരികളുടെ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും രൂപപ്പെടുത്തിയ മതസ്വാധീനവും വളരെ വ്യക്തമായിരുന്നു. ഈ രണ്ടു ഘടകങ്ങളുടെ സമ്മേളനമാണ് കലാപത്തിന് വഴിതെളിച്ചത്" (ഡോ. കെ.എൻ. പണിക്കർ 256).

മതപരമായ ആശയങ്ങളുടെ സ്വാധീനം ഉണ്ടായിരുന്നെങ്കിലും കലാപം രൂപപ്പെടുത്തിയത് കോളനി-ജന്മിവാഴ്ചയോടുള്ള രോഷമായിരുന്നു എന്നകാര്യം വ്യക്തമാണ്. ഏതാണ്ട് എട്ടുമാസം നീണ്ടുനിന്ന കലാപത്തിൽ പങ്കെടുത്തവരിൽ അധികവും ഏറനാട്, വള്ളുവനാട് താലൂക്കുകളിലെ മാപ്പിളമാരായിരുന്നു. അതേസമയം, ധനികരായ മാപ്പിളമാർ ഈ സമരത്തിൽ പങ്കെടുക്കാതെ മാറിനിന്നു എന്നതും ശ്രദ്ധേയമാണ്. മാത്രമല്ല, സമരത്തിനു പശ്ചാത്തലമായി മാറിയ കോൺഗ്രസ് ഖിലാഫത്ത് കമ്മിറ്റികളുടെ നേതൃനിരയിൽ മുസ്‌ലിങ്ങളും ഹിന്ദുക്കളും ഉണ്ടായിരുന്നു. എന്നാൽ, പ്രത്യക്ഷസമരം വന്നപ്പോൾ കോൺഗ്രസ് നേതൃത്വം പ്രക്ഷോഭസമരത്തിന്റെ ഭാഗമായിരുന്നില്ല. അതായത്, മതം മാത്രമായിരുന്നില്ല മലബാർ കലാപത്തിലെ നിർണ്ണായക സ്വാധീനശക്തി എന്നു വ്യക്തമാണ്.

**മലബാർ സമരവും *ദുരവസ്ഥ*യുടെ പശ്ചാത്തലവും**

സാഹിത്യസൃഷ്ടിയിലോ കലാസൃഷ്ടിയിലോ കാണപ്പെടുന്ന പ്രതിനിധാനങ്ങളെ മാറ്റിനിർത്തുകയും അവയെ ചരിത്രത്തിന്റെ അടരുകളായി കണക്കാക്കുകയും ചെയ്യുന്ന പ്രവണത ഇക്കാലത്ത് അപകടകരമാംവിധം പ്രചരിക്കുന്നുണ്ട്. ഇതുതന്നെയാണ് *ദുരവസ്ഥ* എന്ന കാവ്യത്തിന്റെയും പുനർവായനയുടെ പ്രസക്തി.

മലബാർ സമരകാലത്ത് ഒരു വിഭാഗം മാപ്പിളമാർ മലബാറിലെ ജന്മികളായ ഹിന്ദുക്കളെ തിരഞ്ഞുപിടിച്ച് ആക്രമിക്കുകയും അക്കൂട്ടത്തിൽ ഒരു ഇല്ലത്തെയും അവിടെയുണ്ടായിരുന്നവരെയും കൊലപ്പെടുത്തുകയും ചെയ്തപ്പോൾ അവിടെനിന്ന് വല്ലവിധേനയും രക്ഷപ്പെട്ട നമ്പൂതിരികന്യകയായ സാവിത്രി, ചാത്തൻ എന്ന പുലയന്റെ കുടിലിൽ അഭയം പ്രാപിക്കുകയും കുറെനാൾ അവിടെ ഒളിച്ചു താമസിക്കുകയും ചെയ്യുന്നു. ഈ ബന്ധം പിന്നീട് പ്രേമത്തിലേക്കു മാറുകയും അവർ വിവാഹിതരാവുകയും ചെയ്യുന്നതാണ് ദുരവസ്ഥയുടെ പ്രമേയം.

ആശാന്റെ ഇതരകാവ്യങ്ങളെ അപേക്ഷിച്ച് രണ്ടോ മൂന്നോ വാചകത്തിൽ പറഞ്ഞവസാനിപ്പിക്കാവുന്ന പ്രമേയമാണ് ദുരവസ്ഥയുടേത്. അതേസമയം, ആശാന്റെ ഏറ്റവും ദീർഘമേറിയ കാവ്യവുമാണ് ദുരവസ്ഥ.

ദുരവസ്ഥയുടെ ആരംഭത്തിൽതന്നെ കാവ്യലക്ഷ്യത്തെക്കുറിച്ചുള്ള കൃത്യമായ സൂചനകൾ ആശാൻ നൽകുന്നുണ്ട്:

"മുമ്പോട്ടു കാലം കടന്നുപോയിടാതെ
മുമ്പേ സ്മൃതികളാൽ കോട്ടകെട്ടി
വമ്പാർന്നനാചാരമണ്ഡലച്ഛത്രരായ്
നമ്പൂരാർ വാണരുളുന്ന നാട്ടിൽ"

എന്ന വരികളിലൂടെ ദേശസൂചന മാത്രമല്ല, കവിതയുടെ കേന്ദ്രാശയംകൂടി ആശാൻ കടത്തിവിടുന്നുണ്ട്. മനുസ്മൃതിയുടെ കോട്ടകെട്ടി അനാചാരങ്ങൾക്ക് കുടപിടിക്കുന്ന നമ്പൂതിരിമാരുള്ള നാട്ടിലാണ് 'ക്രൂരമുഹമ്മദരും' ഉള്ളത്. അതിനുശേഷം ക്രൂരമുഹമ്മദരെ കാണണമെങ്കിൽ മുന്നൂറിലേറെ വരികൾ താണ്ടണം. *ദുരവസ്ഥ*യിലെ കേന്ദ്രാശയം ഒരിക്കലും അവരായിരുന്നില്ല എന്നാണ് അതിൽനിന്നു വ്യക്തമാകുന്നത്. ആശാൻ രൂപകല്പന ചെയ്തിരിക്കുന്ന മുസ്‌ലിം പാത്രനിർമ്മിതി മൂർത്തമായൊരു സാമൂഹിക പ്രശ്നത്തെ മറികടക്കാനായിരുന്നു. പ്രസ്തുത വിഷയത്തെ ഒഴിച്ചുനിർത്തി മുസ്‌ലിം മതവിഭാഗത്തെ മാത്രം അതിൽനിന്ന് അടർത്തിയെടുക്കുന്നത് യഥാർത്ഥ വിഷയത്തിൽനിന്നുള്ള ബോധപൂർവ്വമായ ശ്രദ്ധതിരിക്കലായിരിക്കും.

ഇസ്‌ലാം മതം കേരളത്തിൽ കടന്നുവന്നത് മതപരിവർത്തനത്തിലൂടെയാണ് എന്ന നിലപാടായിരുന്നു ആശാനും ഉണ്ടായിരുന്നത്. ദുരവസ്ഥയിൽ അക്കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്.

"ചീറും തിരകൾ കടന്നോ ഹിമാലയ-
മേറിയോ വന്നവരേറെയില്ല.
എത്രയോ ദൂരം വഴി തെറ്റിനില്ക്കേണ്ടോ-
രേഴച്ചെറുമൻ പോയ് തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചാരത്തിരുന്നിടാം
ചെറ്റും പേടിക്കേണ്ടാ നമ്പൂരാരേ.
ഇത്ര സുലഭവുമാശ്ചര്യവുമായി-
സ്സിദ്ധിക്കും സ്വാതന്ത്ര്യ സൗഖ്യമെങ്കിൽ
ബുദ്ധിയുള്ളോരിങ്ങാ ശ്രേയസ്സപേക്ഷിച്ച
ബദ്ധരായ് മേവുമോ ജാതിജേലിൽ?"

ജാതിയെ ജയിൽവാസത്തോടാണ് ആശാൻ ഉപമിച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

### 'വിലക്ഷണകൃതി'യിലെ വിപ്ലവവീര്യം

കുമാരനാശാന്റെ കാവ്യങ്ങളിൽ ദുരവസ്ഥ ഒരു വിലക്ഷണകൃതിയാണ് എന്ന അഭിപ്രായം നിരവധിപേർ പങ്കുവെച്ചിട്ടുണ്ട്. "കവിതയുടെ ആൽക്കമി പ്രവർത്തിക്കാത്ത രചനയാണ് ദുരവസ്ഥ"യെന്നാണ് ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നത്. ദുരവസ്ഥയുടെ മുഖവുരയിൽ കുമാരനാശാൻ എഴുതിയ വാചകങ്ങളാണ് അതിനു നിദാനമായി എല്ലാവരും സ്വീകരിച്ചിരിക്കുന്നത്. "ദുരവസ്ഥ എന്റെ

മറ്റു കൃതികളെ അപേക്ഷിച്ച് വിലക്ഷണരീതിയിൽ ഉള്ള ഒരു കാവ്യമാണ്. വർത്തമാനകാലത്തും വായനക്കാരുടെ മുമ്പിലും നടക്കുന്ന സംഭവങ്ങളെ ആധാരമാക്കിയെന്നു മാത്രമല്ല, അവയെ കഴിയുന്നത്ര തന്മയത്വത്തോടുകൂടി വർണ്ണിപ്പാനും ആശിച്ചുംകൊണ്ട് രചിക്കപ്പെടുന്ന കഥാരൂപമായ കവിതകളിൽ സാരസ്യം വരുത്താൻ പ്രയാസമാണെന്നു പറയേണ്ടതില്ലല്ലോ" എന്നിങ്ങനെ ദുരവസ്ഥയുടെ മുഖവുരയിൽ കുമാരനാശാൻ പറയാൻ കാരണം സാഹിത്യഗുണം കുറഞ്ഞതോ രാഷ്ട്രീയമോ ആയ കാരണങ്ങളാകാൻ സാദ്ധ്യതയില്ല. മറിച്ച്, ചരിത്രപരമായ അകലത്തിൽ നിന്നുകൊണ്ട് കൂടുതൽ വസ്തുനിഷ്ഠമായി ഒരു സംഭവത്തോടു പ്രതികരിക്കാനുള്ള സാവകാശം ലഭിക്കാത്തതുകൊണ്ടുണ്ടായ വിലക്ഷണതയാണ് എന്നുവേണം കരുതാൻ.

"ഒരു കൃതി താരതമ്യേന മോശപ്പെട്ടതാണെന്നു തൽക്കർത്താവ് നടത്തിയ ഒരു പ്രസ്താവത്തെ മാത്രമവലംബിച്ച് മറ്റുള്ളവരും ആ തീരുമാനത്തിലെത്തുന്നത് തെറ്റായ നടപടിയാണ്. എന്തെന്നാൽ, ഒരു കൃതിയുടെ ഗുണദോഷത്തെപ്പറ്റി വിധി പുറപ്പെടുവിക്കാനുള്ള അന്തിമ വിധികർത്താവ് അതിന്റെ രചയിതാവല്ല. മിക്ക കവികളും അവരെഴുതി പ്രസിദ്ധീകരിക്കുന്ന കൃതികളെല്ലാം ശ്രേഷ്ഠങ്ങളാണെന്നു വിശ്വസിക്കുന്നവരും ആ വിശ്വാസം വിളിച്ചുകൂവുന്നവരുമാണ്. അതിനാരും പ്രായ വലിയ വിലകല്പിക്കാറുമില്ല. ആ സ്ഥിതിക്ക് തന്റെ ഇന്ന കൃതി മോശമാണെന്ന് ഒരു കവി പറഞ്ഞാൽ അക്കാര്യം കൊണ്ടുമാത്രം അതൊരു വസ്തുതയായി മാറുന്നില്ല" എന്നും *ദുരവസ്ഥ*യെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ എന്തെങ്കിലും വാസ്തവമുണ്ടോയെന്ന് പരിശോധിച്ചറിയേണ്ടിയിരിക്കുന്നു എന്നുമാണ് പി.കെ. ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നത്.

കുമാരനാശാനെ വിപ്ലവകവിയായി മലയാളികൾ അവരോധിക്കാനുള്ള മുഖ്യകാരണവും *ദുരവസ്ഥ*യിലെ ചില വരികൾ തന്നെയാണ്.

"കാലം വൈകിപ്പോയി, കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി,
കെട്ടി നിറുത്താൻ കഴിയാതെ ദുർബ്ബല-
പ്പെട്ട ചരടിൽ ജനത നിൽക്കാ.
മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ."

കുമാരനാശാനെ മലയാളിയുടെ പൊതുബോധത്തിൽ വിപ്ലവകവിയായി പ്രതിഷ്ഠിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച വരികളാണിവ. അവസാനത്തെ രണ്ടുവരികളിലുള്ള ആഹ്വാനം, സാഹിത്യവ്യവഹാരത്തിനുപുറത്ത് കവിതയെയും അതിശയിച്ചുകൊണ്ട് വളർന്നു പന്തലിച്ച വരികളാണ്. സമഗ്രമായ ഒരു രാഷ്ട്രീയ വിപ്ലവത്തെപ്പറ്റി കവി ചിന്തിച്ചിരുന്നില്ല എന്നും, ചിന്തിച്ചിരുന്നത് ജാതിയുമായി ബന്ധപ്പെട്ട സാമൂഹ്യവിപ്ലവത്തെപ്പറ്റി മാത്രമായിരുന്നുവെന്നും 1973-ൽ പ്രസിദ്ധീകരിച്ച 'ആശാൻ: നവോത്ഥാനത്തിന്റെ കവി' എന്ന പഠനത്തിൽ തായാട്ട് ശങ്കരൻ എടുത്തുപറയുന്നത് അക്കാരണത്താലാണ്. അതുകൊണ്ടുതന്നെ, പുരോഗമനാശയങ്ങളുള്ള വിപ്ലവകവിത എന്ന നിരീക്ഷണം പോലും *ദുരവസ്ഥ*യെ മറ്റൊരു പാഠമാക്കി മാറ്റുന്നത് കാണാം.

## ചരിത്രത്തെ മുൻനിർത്തിയുള്ള കലാപങ്ങൾ

സ്വാതന്ത്ര്യം വെള്ളക്കാരിൽനിന്നോ ജാത്യടിമത്തത്തിൽനിന്നോ എന്ന ചോദ്യത്തെ രാഷ്ട്രീയമായി ഉൾക്കൊണ്ട ചിന്തകൻ കൂടിയായിരുന്നു ആശാൻ.

ജാതിവ്യവസ്ഥക്കെതിരായുള്ള വിമർശനം *ദുരവസ്ഥ*യിലൂടെ രൂക്ഷമാക്കുന്ന ആശാൻ, 'ഹിന്ദുധർമ്മം' എന്നു കരുതിപ്പോരുന്ന ആചാരനിബന്ധനകളെ നിശിതമായി വിമർശിക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട്.

"എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ, നിൻ വയറ്റിൽ."

എന്നിങ്ങനെ ഉറക്കെ വിളിച്ചുപറയുന്നുണ്ട്.

സഹജീവികളോടൊപ്പം ഹിന്ദുവായി ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി ജീവിതത്തിലുടനീളം പൊരുതുകയായിരുന്ന ആശാൻ. ആശാന്റെ കാവ്യങ്ങളും ലേഖനങ്ങളും ഇതിനു ദൃഷ്ടാന്തമാണ്. ബ്രാഹ്മണ്യത്തിൽനിന്ന് മോചിപ്പിക്കപ്പെട്ട ഹിന്ദുമതമായിരുന്നു ആശാന്റെ ആശയലോകം. അതിനെ കേവലം പാരമ്പര്യ വാദമായി വായിച്ചെടുക്കുന്നതിൽ അർത്ഥമില്ല. വാസ്തവത്തിൽ, 'ലഹള' എന്ന കാവ്യബീജം വീണുകിട്ടി എന്നതല്ലാതെ മലബാർ കലാപവുമായി ദുരവസ്ഥയ്ക്ക് കാര്യമായ ബന്ധമൊന്നുമില്ല.

"മനുഷ്യന് ജാതിപോലെ ദ്രോഹം ചെയ്തിട്ടുള്ള ഒരസുരനെ നൂറ്റെട്ടു പുരാണങ്ങളിൽ ഒന്നിൽപ്പോലും കാണാൻ കഴിയില്ല" എന്ന് 'വിവേകോദയം' മാസികയിൽ 1917-ൽ എഴുതിയ 'ജാതിസങ്കടം' എന്ന ലേഖനത്തിൽ ആശാൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ചുരുക്കത്തിൽ, ജന്മി-കുടിയാൻ വർഗ്ഗവിരോധം അതിന്റെ ഉച്ചകോടിയിൽ എത്തിയപ്പോഴാണ് മലബാറിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്. പക്ഷേ, അത് ഹിന്ദു-മുസ്‌ലിം ലഹളയായി പിൽക്കാലത്ത് ചിത്രീകരിക്കപ്പെട്ടു.

ഹിന്ദുക്കളെ മാത്രം കൊന്നൊടുക്കുന്നതിനെക്കുറിച്ച് ദുരവസ്ഥയിൽ എവിടെയും ആശാൻ പറയുന്നില്ല.

"വെള്ളക്കാരെച്ചുട്ടൊടുക്കുവിൻ ജന്മിമാ-
രില്ലമിടിച്ചു കുളംകുഴിപ്പിൻ"

എന്ന ആഹ്വാനത്തെയാണ് വക്രീകരിച്ച് ബ്രിട്ടീഷ് കൊളോണിയലിസം വിത്തിട്ടുപോയ മുസ്‌ലിം വിരുദ്ധതയായി ചിത്രീകരിക്കുന്നത്. "ഒരേസമയം ഹിന്ദുവെന്ന തോന്നലിൽ തന്നെ കീഴാളനെ നിലനിർത്തി അവനെ വോട്ട് ബാങ്കാക്കി മാറ്റാം. അതേസമയം, ഒരു മുസ്‌ലിം അപരത്വം നിലനിർത്തിക്കൊണ്ട് ദേശീയതയെ പ്രോജ്ജ്വലിപ്പിച്ചെടുക്കാം. രണ്ടായാലും ലാഭം തന്നെ. ഇത്തരം കുടിലബുദ്ധി ആശാനിൽ അടിച്ചേൽപ്പിക്കുന്നതിലെ അപകടം ദുരവസ്ഥയെ മുൻനിർത്തിത്തന്നെ കേരളീയസമൂഹം ചെറുത്തുതോല്പിച്ചേ മതിയാവൂ," എന്ന ഉഷാ ബാലകൃഷ്ണന്റെ അഭിപ്രായം പ്രസക്തമാണ്.

"ഇരുമ്പഴിക്കുള്ളിലെ 'സ്വതന്ത്ര'യായ സാവിത്രിക്ക് ഒരു പുലയന്റെ നേരേ രാഗപാരവശ്യം തോന്നാൻ അന്നത്തെക്കാലത്ത് ഒരു സന്ദർഭവും ഉണ്ടാവുക സാദ്ധ്യമല്ലെന്നും അതിനാൽ വെള്ളപ്പൊക്കം വന്ന് എല്ലാം മുങ്ങിത്താഴുമ്പോൾ ആത്മശത്രുക്കളായ പുള്ളിപ്പുലിയും പുള്ളിമാനും ഒരേ മുനമ്പിൽ തന്നെ അഭയം തേടുന്ന കണക്കെ സംഭവിച്ചതാണ് കാവ്യത്തിന്റെ ഘടന" എന്നിങ്ങനെ ദുരവസ്ഥയിലെ മുസ്‌ലിം പ്രതിരൂപങ്ങളെ നിരീക്ഷിച്ച തായാട്ട് ശങ്കരൻ,

'ദുരവസ്ഥ: ഒരു പഠനം' എന്ന കൃതിയിൽ നടത്തിയ പ്രസ്താവനയും ശ്രദ്ധേയമാണ്.

സമാനമായ അഭിപ്രായമാണ് എം. ലീലാവതി മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ പങ്കുവയ്ക്കുന്നത്. മനുഷ്യരിൽ ജീവശാസ്ത്രപരമായുള്ള രണ്ടു വർഗ്ഗങ്ങൾ- ആണും പെണ്ണും- മാത്രമാണു നിയതിനിർദ്ദിഷ്ടമായ വർഗ്ഗവിഭജനമെന്നും ബാക്കിയൊക്കെയും മനുഷ്യർ ഉണ്ടാക്കിത്തീർത്തവയാണെന്നും അന്തർജ്ജനത്തെ ചെറുമനിൽ അനുരക്തയാവാൻ സമ്മതിക്കാതിരിക്കുന്നതു മനുഷ്യസൃഷ്ടമായ ജാതിവ്യവസ്ഥയാണെന്നും ആ മതിൽ തകർക്കാൻ, അതു മാപ്പിള ലഹളകൊണ്ടായാലും വേണ്ടില്ല, ആണും പെണ്ണും എവിടെയായാലും അന്യോന്യം ആകൃഷ്ടരാവുമെന്നാണ് ലീലാവതി നിരീക്ഷിക്കുന്നത്.

സാവിത്രിക്ക് അറിയാവുന്നതും ചാത്തന് അറിയാത്തതുമായ ഒരു ലോകമുണ്ട്. അവിടേക്ക് ചാത്തൻ സാവിത്രിയാൽ നയിക്കപ്പെടുന്നുണ്ട്. ആശാന്റെ സാവിത്രി ചാത്തനെ തന്നോടൊപ്പം ഉയർത്താനുള്ള ശ്രമം കവിതയിൽ നടത്തുന്നുണ്ടെങ്കിലും സാവിത്രി പ്രതിനിധാനം ചെയ്യുന്ന ഹിന്ദു സമൂഹത്തിന് ചാത്തൻ പ്രതിനിധാനം ചെയ്യുന്ന ഒരു സാമൂഹികക്രമത്തിലേക്ക് ഉയരാൻ സാധിക്കാത്തത് എന്തുകൊണ്ടാണ് എന്ന ചോദ്യവും പ്രസക്തമാണ്.

കേരളീയ നവോത്ഥാനത്തിന്റെയും സാമൂഹിക പരിഷ്കരണങ്ങളുടെയും ചരിത്രമാണ് ആശാൻ കാവ്യങ്ങളിലൂടെ ആർത്തിരമ്പുന്നത്. അതിന്റെ തുടർച്ചയാണ് *ദുരവസ്ഥ*യിലും ദൃശ്യമാകുന്നത്. *ദുരവസ്ഥ*യിൽ, ഹിന്ദുമതത്തിന്റെ കാർക്കശ്യത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഒരു പുതിയ മൂല്യവ്യവസ്ഥ അന്വേഷിക്കുകയാണ് ആശാൻ ചെയ്യതെന്ന കാര്യം വ്യക്തമാണ്. ഒരു നമ്പൂതിരിയുവതിയും പുലയയുവാവും തമ്മിൽ വിവാഹം കഴിച്ചു സാമൂഹിക പരിഷ്കരണം വരുത്തലായിരുന്നില്ല ആശാൻകവിതയുടെ ലക്ഷ്യം. മറിച്ച്, അതൊരു പ്രസ്ഥാനമായി വളരുകയും, അങ്ങനെ കീഴാളവിഭാഗത്തിന്റെ ഉയിർത്തെഴുന്നേല്പിന് കളമൊരുക്കുകയുമായിരുന്നു ആശാൻ ആത്യന്തികമായി ഉന്നംവച്ചത്. അക്കാരണത്താൽ, കീഴാള മുന്നേറ്റത്തിന്റെ ചാലകശക്തിയായി മാറാനും *ദുരവസ്ഥ*യ്ക്കും കഴിഞ്ഞു എന്നു കരുതുന്നതിൽ തെറ്റില്ല.

ഗ്രന്ഥസൂചി


1. ഉഷാ ബാലകൃഷ്ണൻ. *കുമാരനാശാന്റെ കലാപങ്ങൾ: ദുരവസ്ഥ ഒരു പഠനം.* തിരുവനന്തപുരം: മൈത്രി ബുക്സ്, 2021.
2. കുമാരനാശാൻ. *ദുരവസ്ഥ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1975.
3. പവിത്രൻ, പി. *ആശാൻ കവിത: ആധുനികാനന്തരപാഠങ്ങൾ.* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, 2002.
4. പണിക്കർ, കെ.എൻ. *മലബാർ കലാപം: പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരെ.* കോട്ടയം: ഡി.സി. ബുക്സ്
5. ബാലകൃഷ്ണൻ, പി.കെ. *കാവ്യകല കുമാരനാശാനിലൂടെ.* കോട്ടയം: ഡി. സി. ബുക്സ്, 2006.
6. ലീലാവതി, എം. *മലയാള കവിതാ സാഹിത്യ ചരിത്രം.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1998.
7. ശങ്കരൻ, തായാട്ട്. *ആശാൻ: നവോത്ഥാനത്തിന്റെ കവി.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1973.
8. ശങ്കരൻ, തായാട്ട്. *ദുരവസ്ഥ: ഒരു പഠനം.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1978.
9. സേവ്യർ, സി.എക്സ്. *ദുരവസ്ഥയുടെ ചരിത്രപാഠങ്ങൾ.* കോഴിക്കോട്: സൈകതം ബുക്സ്.